Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

Draft #52 of File 7838/E1/2021/KWA Approved by Chief Engineer (HRD&GL) on 20-Dec-2021 07:06 AM - Page 1

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. 7838/E1/2021/കെ ഡബ്ല്യു എ

തീയതി: 20.12.2021

**<u>സർക്കുലർ</u>**

വിഷയം:- കേരള ജല അതോറിറ്റി - ഭരണ നിർവഹണം - ജല അതോറിറ്റി ഓഫീസുകളിൽ തിരിച്ചറിയൽ കാർഡ് ഉപയോഗിച്ചുകൊണ്ടുള്ള പഞ്ചിംഗ് സംവിധാനം പുനരാരംഭിച്ചത് സംബന്ധിച്ച്.

സൂചന :- 15.09.2021 ലെ ഇതേ നമ്പർ സർക്കുലർ

ജല അതോറിറ്റിയിൽ പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള ഓഫീസുകളിൽ 16.09.2021 മുതൽ ജീവനക്കാർക്ക് ഔദ്യോഗിക തിരിച്ചറിയൽ കാർഡ് ഉപയോഗിച്ച് കൊണ്ടുള്ള പഞ്ചിംഗ് സംവിധാനം പുനരാംരംഭിച്ചു കഴിഞ്ഞു. എന്നാൽ ചില ഓഫീസുകളിൽ പഞ്ചിംഗ് സംവിധാനം ആരംഭിച്ചിട്ടില്ല എന്നും ജീവനക്കാർ ആരും പഞ്ച് ചെയ്യുന്നില്ല എന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കൂടാതെ താൽക്കാലികമായി പഞ്ചിംഗ് നിർത്തലാക്കിയതിനു ശേഷം വന്നിട്ടുള്ള ജീവനക്കാരുടെ ട്രാൻസ്ഫർ മിക്ക ഓഫീസുകളിലും പഞ്ചിംഗ് സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്തിട്ടില്ല. ആയത് കാരണം ജീവനക്കാരുടെ അറ്റൻഡൻസ് റിപ്പോർട്ട് കൃത്യമായി ലഭിക്കുന്നില്ല.

മേൽ സാഹചര്യത്തിൽ എല്ലാ കൺട്രോളിംഗ് ഓഫീസറും തങ്ങളുടെ ഓഫീസിന്റെ കീഴിലുള്ള ജീവനക്കാർ കൃത്യമായി പഞ്ച് ചെയ്യുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതും 15.12.2021 മുതലുള്ള അറ്റൻഡൻറ് റിപ്പോർട്ട് കേന്ദ്രകാര്യാലയത്തിലേക്ക് അയച്ച് തരേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ടുള്ള സാങ്കേതിക വിഷയങ്ങളും, ഐ ഡി കാർഡ് ലഭിക്കാൻ കാലതാമസം ഉണ്ടാകുന്ന സാഹചര്യത്തിൽ പ്രസ്തുത ജീവനക്കാർക്ക് പഞ്ചിങ് ആവശ്യത്തിനായി താത്കാലിക കാർഡുകൾ

നൽകുന്നതിനാവശ്യമായ നടപടികളും ഐ.ടി.യൂണിറ്റിന്റെ സഹായത്തോടുകൂടി സ്വീകരിക്കേണ്ടതുമാണ്.

SETHUKUMAR S

ചീഫ് എഞ്ചിനീയർ (എച്ച് ആർ ഡി & ജനറൽ)

സ്വീകർത്താവ്

CE(SR/CR/NR/SEWERAGE/PROJECTS)/ FM&CAO for information.

എല്ലാ ഓഫീസ് മേധാവികൾക്കും

എല്ലാ ജീവനക്കാർക്കും

പകർപ്പ്:-

ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി

Draft #52 of File 7838/E1/2021/KWA Approved by Chief Engineer (HRD&GL) on 20-Dec-2021 07:06 AM - Page 2

The document is digitally approved. Hence signature is not needed.